പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4956** — 14.11.2019 -ൽ മറുപടിയ്ക്ക്

**ഇരിക്കൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.സി.ജോസഫ് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ എത്ര വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) ഇരിക്കൂർ നിയമസഭാ മണ്ഡലത്തിൽപെട്ട ഉദയഗിരി, ന്യൂ നടുവിൽ, ചെങ്ങളായി എന്നീ 3 വില്ലേജോഫീസുകൾക്കാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയ്ക്കായി ഭരണാനുമതി ലഭിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (ബി) ഉദയഗിരി, ന്യൂ നടുവിൽ എന്നീ വില്ലേജോഫീസുകളുടെ പണികൾ പൂർത്തിയായിട്ടുള്ളതാണ്. ചെങ്ങളായി വില്ലേജോഫീസിന്റെ പണി എഗ്രിമെന്റ് ഘട്ടത്തിലാണ്. നവംബർ 15 നകം പ്രസ്തുത വില്ലേജോഫീസ് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (സി) അവശേഷിക്കുന്ന വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**